കേരള സർക്കാർ
ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്
ശാന്തി നഗർ, തിരുവനന്തപുരം – 695001
ഫോൺ: 0471-2330558, 0471-2331104
Email:cei.kerala@kerala.gov.in
ceikerala@gmail.com
Website: www.ceikerala.gov.in

An IS 15700 : 2018 Certified Department

## ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ നടപടിക്രമം

**ഹാജർ : വിനോദ്.ജി**

വിഷയം : ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സ്ഥാനക്കയറ്റം നടത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 31/01/2024-തീയതിയിലെ സിഇഐ/7709/2023-ഇ3 നമ്പർ ഉത്തരവ്.
2 . ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 06/02/2024 തീയതിയിലെ സിഇഐ/1040/2024-ഇ3 നമ്പർ ഉത്തരവ്.
3 . ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 11/04/2024 തീയതിയിലെ സിഇഐ/2650/2024-ഇ3 നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ : സിഇഐ/1394/2024-ഇ2 തീയതി : 14-05-2024**

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീ.അനീഷ്..കെ (പെൻ: 105302) പരാമർശം (1) ഉത്തരവ് പ്രകാരം കേരള കെട്ടിട നിർമാണ തൊഴിലാളി ക്ഷേമ നിധി ബോർഡിന്റെ പാലക്കാട് ജില്ലാ ഓഫീസിൽ അഡീഷണൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി 31/01/2024 തീയതി ഈ കാര്യാലയത്തിൽ നിന്നും വിടുതൽ ചെയ്തതിന്റെ ഫലമായി 01/02/2024 പൂർവ്വാഹ്നം മുതൽ വകുപ്പിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. ടി ഒഴിവിൽ ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം ലഭിക്കുന്നതിന് പരാമർശം (2) ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച ഹെഡ് ക്ലാർക്കുമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ സീനിയർ ആയിട്ടുള്ള എറണാകുളം ജില്ലാ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ഹെഡ് ക്ലാർക്ക് ശ്രീമതി. ജയ്സറ്റ്.എ .മാത്യു (പെൻ : 223708) നാണ് അർഹതയുള്ളത്. ടി ഉദ്യോഗസ്ഥ പരാമർശം (3) ഉത്തരവ് പ്രകാരം ഹെഡ് ക്ലാർക്ക് തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ എറണാകുളം ജില്ലാ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ഹെഡ് ക്ലാർക്ക് ശ്രീമതി ജയ്സറ്റ്.എ .മാത്യു-ന് ഹെഡ് ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ 43400-91200 രൂപ ശമ്പള നിരക്കിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സ്ഥാനക്കയറ്റം നൽകിക്കൊണ്ടും നിലവിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഒഴിവുള്ള വയനാട് ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ ഉടൻ പ്രാബല്യത്തിൽ നിയമിച്ചു കൊണ്ടും ഉത്തരവാകുന്നു.

2024 ലോകസഭാ ഇലക്ഷനുമായി ബന്ധപ്പെട്ട് ടിയാൾക്ക് എന്തെങ്കിലും ഡ്യൂട്ടി വരികയാണെങ്കിൽ ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന സ്റ്റേഷനിൽ തന്നെ ടിയാൾ നിർബന്ധമായും ഇലക്ഷൻ ഡ്യൂട്ടി നിർവ്വഹിക്കേണ്ടതാണ് എന്ന ഉപാധിക്ക് വിധേയമായിട്ടാണ് ഈ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

ടിയാൾ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ ഒരു വർഷത്തേക്ക് ചട്ട പ്രകാരം പ്രൊബേഷനിലായിരിക്കുന്നതാണ്.

Signed by Vinod G
Date: 14-05-2024 14:46:06

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ

ശ്രീമതി. ജയ്നറ്റ്.എ .മാത്യൂ (എറണാകുളം ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ മുഖേന)

പകർപ്പ് :

1. ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, എറണാകുളം
2. ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, വയനാട്
3. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (ഭരണ വിഭാഗം)
4. ഇ 3 സെക്ഷൻ
5. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ സി എ
6. കരുതൽ/അധികം